REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 11-07-2025 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ആഗോള രംഗത്ത് ഇന്ത്യൻ സമ്പദ് വ്യവസ്ഥ മികച്ച മൂല്യ ശൃംഖലയിലാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.**
- **മുതിർന്ന BJP നേതാവും കേന്ദ്ര മന്ത്രിയുമായ അമിത് ഷാ രണ്ട് ദിവസത്തെ കേരള സന്ദർശനത്തിന് ഇന്ന് തിരുവനന്തപുരത്ത് എത്തും.**
- **സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിൽ 499 പേർ ഉൾപ്പെട്ടതായി മന്ത്രി വീണാ ജോർജ്. പൂനെയിലെ വൈറോളജി ഇൻസ്റ്റിട്യൂട്ടിൽ നിന്ന് പുതിയ സംഘം നിപ ബാധിത പ്രദേശങ്ങൾ സന്ദർശിക്കും.**
- **സംസ്ഥാന എൻജിനിയറിങ് പ്രവേശന പരീക്ഷ കീം-മിന്റെ പുതുക്കിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**
- **വോട്ടർ പട്ടികയിലെ രജിസ്ട്രേഷൻ പ്രക്രിയയിലെ തകരാറുകൾ പരിഹരിക്കുന്നതിന് ഈ മാസം 19ന് രാഷ്ട്രീയ പാർട്ടികളുടെ യോഗം ചേരുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷണർ A.ഷാജഹാൻ.**
- **ലോർഡ്സിൽ ഇന്ത്യാ-ഇംഗ്ലണ്ട് മൂന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ദിനമത്സരം ഉച്ച കഴിഞ്ഞ് പുനരാരംഭിക്കും.**

## വാർത്തകൾ വിശദമായി

ആഗോള രംഗത്ത് ഇന്ത്യൻ സമ്പദ് വ്യവസ്ഥ മികച്ച മൂല്യ ശൃംഖലയിലാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ അഭിപ്രായപ്പെട്ടു. രാജ്യത്തിന്റേത് സ്ഥിരതയാർന്ന പാതയാണെന്ന് ന്യൂഡൽഹിയിൽ CII -ITC സുസ്ഥിരതാ അവാർഡ്ദാന ചടങ്ങിനെ അഭിസംബോധന ചെയ്യവെ അദ്ദേഹം പറഞ്ഞു.

അസ്ഥിരതയുടെയും അസ്വസ്ഥതകളുടെയും ലോകത്ത് ഇന്ത്യ ഒരു പ്രമുഖ ശബ്ദമാണെന്നും രാജ്യം വികസന മാതൃകയുടെ ദീപസ്തംഭമാണെന്നും ഉപരാഷ്ട്രപതി പറഞ്ഞു. ഇന്ത്യയുടേത് സുസ്ഥിര വികസന സമ്പദ് വ്യവസ്ഥയും ലോകത്തെ ഏറ്റവും വലുതുമാണെന്നും ധൻകർ അഭിപ്രായപ്പെട്ടു.

രാജ്യത്തെ വ്യവസായ മേഖല ഹരിത വിപ്ലവത്തിന്റെ ദീപസ്തംഭമാകണമെന്ന് അദ്ദേഹം വ്യവസായികളെ ഉത്ബോധിപ്പിച്ചു. നൂതന നടപടികളിലൂടെ കേന്ദ്ര ഗവൺമെന്റ് വ്യവസായ വികസന നടപടികളിൽ പ്രധാന പങ്കു വഹിക്കുന്നുണ്ടെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

✪✪✪

മുതിർന്ന BJP നേതാവും കേന്ദ്ര മന്ത്രിയുമായ അമിത് ഷാ രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായി ഇന്ന് തിരുവനന്തപുരത്ത് എത്തും. നാളെ BJP യുടെ പുതിയ സംസ്ഥാന കാര്യാലയം അദ്ദേഹം ഉദ്ഘാടനം ചെയ്യും. പുത്തരിക്കണ്ടം മൈതാനത്ത് തെക്കൻ ജില്ലകളിലെ ബൂത്ത് ലെവൽ നേതാക്കളെ അഭിസംബോധന ചെയ്യുന്ന അദ്ദേഹം, BJP സംസ്ഥാന നേതൃയോഗത്തിലും പങ്കെടുക്കും.

വൈകിട്ട് കണ്ണൂർ തളിപ്പറമ്പിൽ ശ്രീ രാജരാജേശ്വര ക്ഷേത്രത്തിൽ ദർശനം നടത്തിയതിന് ശേഷം അമിത്ഷാ ഡൽഹിയ്ക്ക് മടങ്ങും.

✪✪✪

സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിൽ ആകെ 499 പേർ ഉൾപ്പെട്ടതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. പൂനെയിലെ വൈറോളജി ഇൻസ്റ്റിട്യൂട്ടിൽ നിന്ന് പുതിയ സംഘം നിപ ബാധിത പ്രദേശങ്ങൾ സന്ദർശിക്കും. മലപ്പുറം ജില്ലയിൽ 203 പേരും കോഴിക്കോട്ട് 116 പേരും പാലക്കാട്ട് 178 പേരും എറണാകുളത്ത് രണ്ട് പേരുമാണ് സമ്പർക്കപ്പട്ടികയിൽ. മലപ്പുറത്ത് പുതിയ കേസുകളില്ല. കണ്ടെയ്ൻമെന്റ് സോണുകൾ ഒഴിവാക്കി, ജില്ലയിലെ നിയന്ത്രണങ്ങൾ പൂർണമായി പിൻവലിച്ചു.

പാലക്കാട് ജില്ലയിൽ നിലവിൽ ഒരു രോഗിക്ക് മാത്രമാണ് രോഗം സ്ഥിരീകരിച്ചത്.  ഗവ. മെഡിക്കൽ കോളേജിൽ 5 പേർ ഐസൊലേഷനിൽ കഴിയുന്നുണ്ട് .

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

......വോയ്സ്.........

നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് NCDC ജോയിന്റ് ഡയറക്ടർ പ്രണയ് വർമ്മയുടെ നേതൃത്വത്തിൽ കേന്ദ്രസംഘം പാലക്കാട്, മലപ്പുറം  ജില്ലകളിലെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു. കേന്ദ്ര സംഘം മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുമായി ചർച്ച നടത്തുകയും വൈറസ് പടരുന്നത് തടയാൻ സ്വീകരിച്ച നടപടികളിൽ സംതൃപ്തി അറിയിക്കുകയും ചെയ്തു.

പൂനെയിലെ ദേശീയ  വൈറോളജി ഇന്സ്ടിട്യൂട്ടിൽ നിന്നും പുതിയ സംഘം പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിലെ നിപ ബാധിത സ്ഥലങ്ങൾ സന്ദർശിക്കും. ദിലീപ് പാട്ടീലിന്റെ നേതൃത്വത്തിൽ സംഘം പ്രദേശത്തെ വവ്വാലുകളെക്കുറിച്ച് സർവേയും നടത്തും.

✪✪✪

ഹൈക്കോടതി വിധി പ്രകാരം സംസ്ഥാന എൻജിനിയറിങ് പ്രവേശന പരീക്ഷ കീംമിന്റെ പുതുക്കിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. പുതുക്കിയ പട്ടികയിൽ നേരത്തെ അഞ്ചാം റാങ്കായിരുന്ന തിരുവനന്തപുരം കവടിയാർ സ്വദേശി ജോഷ്വാ ജേക്കബ് തോമസിനാണ് ഒന്നാം റാങ്ക്. രണ്ടാം റാങ്കിൽ മാറ്റമില്ല, എറണാകുളം സ്വദേശി ഹരികിഷൻ ബൈജുവിനാണ് രണ്ടാം റാങ്ക്.

ഫെബ്രുവരി 19ന് പ്രസിദ്ധീകരിച്ച പ്രോസ്പെക്ടസ് പ്രകാരം തന്നെ റാങ്ക് ലിസ്റ്റ് മാറ്റി പ്രസിദ്ധീകരിക്കണമെന്ന സിംഗിൾ ബെഞ്ച് വിധിയിൽ ഇടപെടാൻ കാരണങ്ങൾ ഇല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ജസ്റ്റിസ് അനിൽ കെ നരേന്ദ്രൻ , ജസ്റ്റിസ് മുരളി കൃഷ്ണ എന്നിവർ ഉൾപ്പെട്ട ബെഞ്ച് ഗവൺമെന്റിന്റെ അപ്പീൽ തള്ളിയത്.

✪✪✪

രാജ്യത്തെ ആറായിരത്തിലധികം കേന്ദ്രങ്ങളിൽ മറ്റന്നാൾ,  31-ാമത് സൈക്ലിംഗ് ഡ്രൈവ് സംഘടിപ്പിക്കുമെന്ന് കേന്ദ്ര യുവജനകാര്യ, കായിക മന്ത്രാലയം അറിയിച്ചു. ഗുസ്തി താരവും മുൻ WWE  ചാമ്പ്യനുമായ  ദി ഗ്രേറ്റ് ഖാലിയുടെ സാന്നിധ്യമായിരിക്കും 31-ാമത് പതിപ്പിന്റെ പ്രധാന ആകർഷണമെന്നും മന്ത്രാലയം വ്യക്തമാക്കി. ന്യൂഡൽഹിയിൽ മേജർ ധ്യാൻചന്ദ് ദേശീയ സ്റ്റേഡിയത്തിൽ അദ്ദേഹം  മറ്റ് വിശിഷ്ട വ്യക്തികൾക്കൊപ്പം പരിപാടിയിൽ പങ്കെടുക്കും.

ഫിറ്റ് ഇന്ത്യ - ഞായറാഴ്ചകളിലെ സൈക്കിൾ ഉപയോഗം നിലനിർത്തണമെന്ന് കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ ജനങ്ങളോട് ആവശ്യപ്പെട്ടു.

✪✪✪

ഇന്ത്യൻ ബഹിരാകാശ യാത്രികൻ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ലയുടെയും ആക്സിയം-4 ദൗത്യത്തിലെ മറ്റ് മൂന്ന് ക്രൂ അംഗങ്ങളുടെയും മടക്കയാത്ര തിങ്കളാഴ്ച ആരംഭിക്കുമെന്ന് നാസ അറിയിച്ചു. ദൗത്യം അൺഡോക്ക് ചെയ്യുന്നതിന് നിലവിലെ ലക്ഷ്യം ജൂലൈ 14 ആണെന്ന് നാസ കൊമേഴ്സ്യൽ ക്രൂ പ്രോഗ്രാം മാനേജർ സ്റ്റീവ് സ്റ്റിച്ച് പത്രസമ്മേളനത്തിൽ പറഞ്ഞു.

✪✪✪

ഡോങ്കി റൂട്ട് കള്ളപ്പണ  വെളുപ്പിക്കൽ കേസുമായി ബന്ധപ്പെട്ട് പഞ്ചാബിലെയും ഹരിയാനയിലെയും 11 സ്ഥലങ്ങളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് തിരച്ചിൽ നടത്തി. അമൃത്സർ, സംഗ്രൂർ, പട്യാല, മോഗ ജില്ലകളിലും ഹരിയാനയിലെ അംബാല, കുരുക്ഷേത്ര, കർണാൽ ജില്ലകളിലും നടത്തിയ റെയ്ഡുകളിൽ കുറ്റകരമായ രേഖകളും ഡിജിറ്റൽ ഉപകരണങ്ങളും കണ്ടെടുത്തു.

✪✪✪

നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ് അധിഷ്ഠിത പരിശോധനാ സംവിധാനങ്ങൾ എന്നിവ സ്ഥാപിച്ച് സുരക്ഷ വർദ്ധിപ്പിക്കുന്നതിന് റെയിൽവേ ഡെഡിക്കേറ്റഡ് ഫ്രൈറ്റ് കോറിഡോർ കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡുമായി ധാരണാ പത്രത്തിൽ ഒപ്പുവെച്ചു.

സേവനങ്ങൾ മെച്ചപ്പെടുത്തുന്നതും റോളിംഗ് സ്റ്റോക്കിന്റെ അറ്റകുറ്റപ്പണികൾ ഓട്ടോമേറ്റ് ചെയ്യുന്നതുമടക്കം റെയിൽവേയുടെ ആധുനിക വൽക്കരണത്തിൽ  ഇതൊരു സുപ്രധാന ചുവടുവയ്പ്പാണെന്ന് റെയിൽവേ മന്ത്രാലയം അറിയിച്ചു.

✪✪✪

പൊതുമേഖലാ വ്യവസായ രംഗത്തെ പ്രൊഫഷണലുകൾക്ക് സൈബർ സുരക്ഷയിൽ തൊഴിൽ  വികസന പരിപാടികൾ ആരംഭിക്കുന്നതിന് ഇലക്ട്രോണിക്സ് & IT മന്ത്രാലയവും ബിറ്റ്സ്-പിലാനിയും ധാരണാപത്രത്തിൽ ഒപ്പുവച്ചു. രാജ്യത്തിന്റെ സൈബർ പ്രതിരോധ ശേഷി ശക്തിപ്പെടുത്തുന്നതിനും സുരക്ഷാ വിദഗ്ധരെ സൃഷ്ടിക്കുന്നതിനും സുപ്രധാന ചുവടുവയ്പ്പാണിതെന്ന് മന്ത്രാലയം അറിയിച്ചു.

✪✪✪

തിരുവനന്തപുരം ശ്രീകാര്യത്ത് കേന്ദ്ര കിഴങ്ങ് വർഗ ഗവേഷണ കേന്ദ്രത്തിന്റെ 62 -ാം സ്ഥാപക ദിനാഘോഷങ്ങൾ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർ രാവിലെ ഉദ്ഘാടനം ചെയ്യും. ICAR-CTCRI മിലേനിയം ഹാളിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ വിവിധ ധാരണാപത്രങ്ങളും  കൈമാറും. കേന്ദ്ര കിഴങ്ങ് വർഗ ഗവേഷണ കേന്ദ്രത്തിന്റെ വളർച്ചയിൽ പങ്കാളികളായ ഉദ്യോഗസ്ഥരേയും കർഷകരേയും ചടങ്ങിൽ ആദരിക്കും.

✪✪✪

സ്വച്ഛതാ വാരാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന പരിപാടി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും. ഓൾ സെയിൻസ് കോളേജിൽ ഉച്ചയ്ക്ക് 12.30യ്ക്കാണ് പരിപാടി. വിദ്യാർത്ഥിനികൾക്ക് അദ്ദേഹം സ്വച്ഛതാ പ്രതിജ്ഞ ചൊല്ലി കൊടുക്കും. കോളേജ് ക്യാമ്പസിൽ കേന്ദ്രമന്ത്രി വൃക്ഷത്തൈ നടും.

✪✪✪

സംസ്ഥാന ഗവണ്മെന്റ് ജീവനക്കാർക്ക് മികച്ച താമസ സൗകര്യം ഒരുക്കുമെന്ന് മന്ത്രി KN ബാലഗോപാൽ പറഞ്ഞു. കൊല്ലം തേവള്ളിയിലെ ഗവണ്മെന്റ് ക്വാട്ടേഴ്സ് പ്രദേശം സന്ദർശിച്ച് ഫ്ളാറ്റ് മാതൃകയിൽ ബഹുനില മന്ദിരം നിർമിക്കുമെന്ന് അറിയിച്ച മന്ത്രി, നിർമാണ പ്രവർത്തനങ്ങൾക്കായി 26 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും പറഞ്ഞു.

പുതുക്കിയ രൂപരേഖ സമർപിക്കാനും  പ്രദേശത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തി നൽകാനും മന്ത്രി നിർദേശം നൽകി. സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുമെന്നും മന്ത്രി അറിയിച്ചു.

ആശ്രാമം ഗവണ്മെന്റ് അതിഥി മന്ദിരത്തിന് പുതിയ  ബ്ലോക്ക് നിർമിക്കുന്നതിന് കണ്ടെത്തിയ സ്ഥലം സന്ദർശിച്ച മന്ത്രി, 10 കോടി രൂപ നിർമാണത്തിന് വകയിരുത്തിയതായും  വ്യക്തമാക്കി.

✪✪✪

തദ്ദേശ ഭരണ സ്ഥാപന  തിരഞ്ഞെടുപ്പു വോട്ടർ പട്ടികയിലെ  രജിസ്ട്രേഷൻ പ്രക്രിയയിലെ തകരാറുകൾ പരിഹരിക്കുന്നതിന്  ഈ മാസം 19ന് രാഷ്ട്രീയ പാർട്ടികളുടെ യോഗം ചേരുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷണർ A.ഷാജഹാൻ പറഞ്ഞു.

വോട്ടർ പട്ടികയിലെ  രജിസ്ട്രേഷൻ പ്രക്രിയയിലെ തകരാറുകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് BJP തിരഞ്ഞെടുപ്പു കമ്മീഷന് പരാതി നൽകിയിരുന്നു. ഇതിനെ തുടർന്നാണ്  യോഗം വിളിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനം എടുത്തത്. BJP യുടെ  മുതിർന്ന നേതാക്കളായ

അഡ്വക്കേറ്റ് S സുരേഷ് കുമാർ, JR. പത്മകുമാർ എന്നിവർ അടങ്ങുന്ന സംഘമാണ് തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകിയത്.

തകരാറുകൾ പരിഹരിച്ചില്ലെങ്കിൽ നിരവധി വോട്ടർമാർ പട്ടികയിൽ നിന്ന് പുറത്താകുമെന്ന് BJP പ്രതിനിധി സംഘം അഭിപ്രായപ്പെട്ടു.

✪✪✪

ലോർഡ്സിൽ ഇന്ത്യാ-ഇംഗ്ലണ്ട് മൂന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ ഒന്നാം ദിവസമായ ഇന്നലെ കളി നിർത്തുമ്പോൾ ആതിഥേയരായ ഇംഗ്ലണ്ട് നാല് വിക്കറ്റ് നഷ്ടത്തിൽ 251 റൺസെടുത്തു. 99 റൺസുമായി ജോ റൂട്ട്സും 39 റൺസുമായി ബെൻ സ്റ്റോക്സുമാണ് ക്രീസിൽ. ഇന്ത്യയ്ക്കായി നിതീഷ് കുമാർ റെഡ്ഡി ഒരു ഓവറിൽ രണ്ട് വിക്കറ്റുകൾ വീഴ്ത്തി. മത്സരം ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് പുനരാരംഭിക്കും.

✪✪✪

വിംബിൾഡൺ ടെന്നീസ് പുരുഷ സിംഗിൾസ് സെമിഫൈനലിൽ നൊവാക് ജോക്കോവിച്ച് ഇന്ന് വൈകിട്ട് ഇറ്റലിയുടെ ജാനിക് സിന്നറുമായി ഏറ്റുമുട്ടും. അടുത്ത രണ്ട് മത്സരവും ജയിച്ചാൽ 25-ാം ഗ്രാൻഡ്സ്ലാം കിരീടം എന്ന നേട്ടവും ജോക്കോവിച്ചിന് സ്വന്തമാകും.

വൈകിട്ട് മറ്റൊരു മത്സരത്തിൽ സ്പാനിഷ് താരം കാർലോസ് അൽകറാസ് അമേരിക്കയുടെ ടെയ്‌ലർ ഫ്രിറ്റ്സിനെ നേരിടും.നാളെ വനിതാ സിംഗിൾസിൽ ഇഗ സ്വിയടെക് അമാൻഡ അനിസിമോവയുമായി ഏറ്റുമുട്ടും.

✪✪✪

മന്ത്രിമാരായ GR അനിൽ, AK ശശീന്ദ്രൻ എന്നിവർ കാസർഗോഡ് ജില്ലയിലെ വിവിധ പരിപാടികളിൽ ഇന്ന് പങ്കെടുക്കും. GR അനിൽ രാവിലെ കാഞ്ഞങ്ങാട് ചേടി റോഡ് മാവേലി സൂപ്പർ സ്റ്റോർ നാടിന് സമർപ്പിക്കും. ഉച്ചയ്ക്ക് രണ്ടിന് കാഞ്ഞങ്ങാട് ടൗൺഹാളിൽ സപ്ലൈകോ ഉദ്യോഗസ്ഥരുടെ ജില്ലാതല അവലോകന യോഗത്തിലും പങ്കെടുക്കുന്ന മന്ത്രി വൈകീട്ട് മൂന്നിന് വെള്ളരിക്കുണ്ടിൽ പൊതു പരിപാടിയിലും പങ്കെടുക്കും.

മന്ത്രി AK ശശീന്ദ്രൻ രാവിലെ കാസർകോട് കളക്ടറേറ്റിൽ മനുഷ്യ-വന്യജീവി സംഘർഷം സംബന്ധിച്ച അവലോകന യോഗത്തിൽ പങ്കെടുക്കും. ഉച്ച കഴിഞ്ഞ് കാസർകോട് മുനിസിപ്പൽ കോൺഫറൻസ് ഹാളിൽ ജില്ലാ പഞ്ചായത്തിന്റെ അനുമോദന സദസ്സും ഉദ്ഘാടനം ചെയ്യും. വൈകിട്ട് അജാനൂർ പഞ്ചായത്തിൽ സാമൂഹിക വനവൽക്കരണ പരിപാടിയായ 'ആനന്ദവനം' മന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

കേരള സാംസ്കാരിക വകുപ്പിന്റേയും, സംഗീത നാടക അക്കാദമിയുടെയും ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന "തത്തിന്തകതോം" ദേശീയ താള വാദ്യോത്സവത്തിന് ഇന്ന് തൃശൂരിൽ തിരി തെളിയും. 67 വർഷത്തെ ചരിത്രത്തിനിടയിൽ ആദ്യമായാണ് താളവാദ്യോത്സവം സംഘടിപ്പിക്കുന്നത്. തബല മാന്ത്രികൻ ഉസ്താദ് സാക്കിർ ഹുസൈന് സ്മരണാഞ്ജലി അർപ്പിച്ചാണ് താള വാദ്യോത്സവം തുടങ്ങുക.

അക്കാദമിയുടെ കെ.ടി മുഹമ്മദ് തിയേറ്റർ, ആക്ടർ മുരളി തിയേറ്റർ, ബ്ലാക്ക് ബോക്സ് എന്നീ വേദികളിലായി മൂന്ന് ദിവസങ്ങളിലായയാണ് പരിപാടി. രാവിലെ പെരിങ്ങോട് സുബ്രഹ്മണ്യനും സംഘവും ഇടയ്ക്ക അവതരിപ്പിക്കും.

✪✪✪

മറ്റന്നാൾ ആരംഭിക്കുന്ന ആറന്മുള വള്ളസദ്യക്കായി  അടുപ്പിൽ അഗ്നി പകരുന്ന ചടങ്ങ് രാവിലെ ഒമ്പതരയ്ക്ക് നടത്തും. ഒക്ടോബർ 2 വരെയാണ് വള്ള സദ്യ.

വള്ള സദ്യ യുടെ ഉദ്ഘാടനം ഞായറാഴ്ച രാവിലെ മന്ത്രി വീണാജോർജ്, ആൻറ്റോ ആന്റണി MP, അവിട്ടം തിരുനാൾ ആദിത്യ വർമ്മ എന്നിവരുടെ സാന്നിധ്യത്തിൽ NSS വൈസ് പ്രസിഡന്റ് എം സംഗീത് കുമാർ ക്ഷേത്ര തിരുമുറ്റത്ത് ആനക്കൊട്ടിലിൽ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: നിമിഷ ജി*
*NRTs:രജിന കെ*
*DEO: സി കെ സുബോധ്*